രക്ഷയുടെ പാതയിൽ-4



4

# ജീവന്റെ നീർച്ചാലുകൾ


## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

പാഠം 2

# സഭയിലൂടെ ജീവൻ നൽകുന്ന ഈശോ




ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം അനുസരിച്ച്
ജീവിക്കുന്നവരുടെ സമൂഹമാണ് തിരുസഭ.
തിരുസഭയെ ശരീരത്തോടും അതിലെ
അവയവങ്ങളോടും ഉപമിക്കാവുന്നതാണ്.
വി.പൗലോസ് ശ്ലീഹാ പറയുന്നു: നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും
ഓരോരുത്തരും അതിലെ അവയവങ്ങളുമാണ് (1കോറി 12:27)



ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങൾ ഉണ്ട്.

അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന്

ഏക ശരീരമായിരിക്കുന്നു (1കോറി 12:12)



ശരീരത്തിലെ അവയവങ്ങളെപ്പോലെയാണ്

മിശിഹായുടെ ശരീരമാകുന്ന സഭയിലെ അംഗങ്ങൾ.



ഈശോയോടു ചേർന്നുനിന്ന് നമ്മുടെ ദൗത്യം നിർവഹിക്കുവാനും സഹോദരങ്ങളോടുള്ള കൂട്ടായ്മയിൽ വളരുവാനും ദൈവികജീവൻ നമുക്ക് ആവശ്യമാണ്.



തിരുസഭയിലൂടെയാണ് ഈശോ ലോകത്തിനു ജീവൻ നൽകുന്നത്. ഈ ജീവൻ ഈശോ ഇന്നു നൽകുന്നത് സഭയിലൂടെ പ്രവർത്തിച്ചു കൊാണ്.





## നമുക്കു പാടാം

വാഴ്ത്തിപ്പാടാം കർത്താവിൻ
പാവനമാകും തിരുനാമം
സീമാതീത മഹത്ത്വം നാം
സാദരമെന്നും കീർത്തിക്കും

# നമുക്കു പ്രാർത്ഥിക്കാം

ദൈവികജീവൻ നൽകി ഞങ്ങളെ ദൈവമക്കളും സഭയുടെ അംഗങ്ങളുമാക്കിയ ഈശോയേ, സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനുമുള്ള സന്മനസ്സ് ഞങ്ങൾക്കു നൽകണമേ.

നമുക്കു ഭക്തിപൂർവ്വം

ദൈവവചനം വായിക്കാം

(1 കോറി. 12:12-27)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഒരോരുത്തരും അതിലെ അവയവങ്ങളുമാണ്**

(1 കോറി 12:27).

# എന്റെ തീരുമാനം

**വിശ്വാസപരിശീലന ക്ലാസ്സുകളിൽ ഞാൻ മുടങ്ങാതെ പങ്കെടുക്കും.**

# നമുക്കു ആടാം പാടാം



ശിരസ്സിനോടു ചേർന്നു നിൽക്കും
അവയവങ്ങൾ പോലെ
ഈശോയോടു ചേർന്നു നിൽക്കും
അവയവങ്ങൾ നമ്മൾ

കണ്ണും കാതും കയ്യും ചെയ്യും
കർമ്മങ്ങൾ വേറെന്നപോൽ
സഭയിലോരോ ദൗത്യമു്
നമ്മൾ പൂർത്തിയാക്കീടാൻ

ദൈവികമാം ജീവൻ നൽകി
സത്ഫലങ്ങളേകിടാൻ
കൂദാശകളേഴുമേകി
ശക്തരാക്കുന്നീശോ

Thank you